**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2308** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ് മതിയായ സൗകര്യങ്ങളില്ലാത്ത താൽക്കാലിക സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റ് നിലവിൽ കണ്ടെയ്നർ മൊഡ്യൂളിലാണ് പ്രവർത്തിച്ച് വരുന്നത്. |
| (ബി) | ഇവിടെ സ്കാനർ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളുടെ അഭാവം മൂലം കമ്പി ഉപയോഗിച്ച് കുത്തിയുള്ള പരമ്പരാഗത രീതിയാണ് പരിശോധനയ്ക്ക് സ്വീകരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ചെക്ക് പോസ്റ്റിലൂടെ കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ കടത്തുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ചെക്ക്പോസ്റ്റിൽ കൂടി പാൻമസാല കടത്താൻ ശ്രമിച്ചതിന് 271 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3.768 കിലോ പാൻമസാല കണ്ടെടുക്കുകയും 4 കഞ്ചാവ് കേസുകളിലായി 2.225 കിലോ കഞ്ചാവ് കണ്ടെടുക്കുകയും ടി ഇനത്തിൽ തൊണ്ടി മണി ഇനത്തിൽ 400/- രൂപ ലഭിച്ചിട്ടുള്ളതുമാണ്. |
| (ഡി) | പ്രസ്തുത ചെക്ക് പോസ്റ്റിൽ മതിയായ അടിസ്ഥാനസൗകര്യങ്ങളും ആധുനിക പരിശോധനാ സംവിധാനങ്ങളും ഏർപ്പെടുത്തി പരിശോധനകൾ കർശനമാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ? | (ഡി) | പ്രസ്തുത ചെക്ക്പോസ്റ്റിൽ ജീവനക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനിക രീതിയിലുള്ള പരിശോധന നടത്തുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ